**POLICE DEPARTMENT**

**KERALA**

**No.J5-121411/2014/PHQ**

പോലീസ് ഹെഡ്ക്വാട്ടേർസ്, തിരുവനന്തപുരം
phq.pol@kerala.gov.in
04712721547
തീയതി. 20-11-2015

## NOTIFICATION

വിജ്ഞാപനം

കേരള പോലീസിലേയ്ക്ക് കായിക താരങ്ങളുടെ റിക്രൂട്ട്മെന്റ്

കേരളാ പോലീസിന്റെ താഴെ പറയുന്ന കായിക വിഭാഗങ്ങളിലേയ്ക്ക് പ്രസ്തുതവിഭാഗങ്ങളിൽ മികവു തെളിയിച്ച കായിക താരങ്ങളെ തിരഞ്ഞെടുക്കുന്നു.

| | | |
|---|---|---|
| 1 | ബാസ്കറ്റ്ബോൾ | സ്ത്രീകൾക്കും പുരുഷന്മാർക്കും |
| 2 | വോളിബോൾ | സ്ത്രീകൾക്കും പുരുഷന്മാർക്കും |
| 3 | അത് ലറ്റിക്സ് | സ്ത്രീകൾക്കും പുരുഷന്മാർക്കും |
| 4 | ഫുട്ബോൾ | പുരുഷന്മാർ മാത്രം |
| 5 | സിമ്മിംഗ് | പുരുഷന്മാർ മാത്രം |
| 6 | വാട്ടർ പോളോ | പുരുഷന്മാർ മാത്രം |
| 7 | ഹാൻഡ് ബോൾ | പുരുഷന്മാർ മാത്രം |
| 8 | കനോയിംഗ് | പുരുഷന്മാർ മാത്രം |
| 9 | കയാകിംഗ് | പുരുഷന്മാർ മാത്രം |
| 10 | ജൂഡോ | പുരുഷന്മാർ മാത്രം |

**കായിക തലത്തിലുള്ള യോഗ്യതകൾ (01/01/2012 ന ശേഷം)**

**എ)** വ്യക്തിഗത ഇനങ്ങളിൽ സർക്കാർ അംഗീകരിച്ച കായികമേളകളിൽ സംസ്ഥാനതലത്തിൽ മത്സരിച്ച് ഒന്നാം സ്ഥാനമോ രണ്ടാം സ്ഥാനമോ നേടുകയും കൂടതെ ദേശീയ തലത്തിൽ സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്നത്തിനുള്ള യോഗ്യതയും നേടിയിരിക്കണം.

**ബി)** ടീം ഇനങ്ങളിൽ (4*400 റിലെ , 4*100 റിലെ) സർക്കാർ അംഗീകരിച്ച കായികമേളകളിൽ സംസ്ഥാനതലത്തിൽ മത്സരിച്ച് ഒന്നാം സ്ഥാനവും കൂടതെ ദേശീയ തലത്തിൽ സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്നത്തിനുള്ള യോഗ്യതയും നേടിയിരിക്കണം.

**സി) ഫുട്ബോൾ, ബാസ്കറ്റ്ബോൾ , വോളീബോൾ, തുടങ്ങിയ ഇനങ്ങിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ചിരിക്കുകയും കൂടതെ അന്തർസംസ്ഥാന , ദേശീയ തലത്തിലുള്ള മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള യോഗ്യതയും നേടിയിരിക്കണം.**

വിദ്യാഭ്യാസയോഗ്യത : എസ് എസ് എൽ സി യോ തത്തുല്യ പരീക്ഷയോ പാസായിരിക്കണം.

**പ്രായം : 2015 ജനുവരി ഒന്നാം തീയതി 18 വയസിനും 25 വയസിനും മദ്ധ്യേ**

മറ്റു പിന്നാക്ക വിഭാഗങ്ങൾ, പട്ടിക ജാതി പട്ടിക വർഗ്ഗം എന്നീ വിഭാഗങ്ങൾക്ക് ഉയർന്ന പ്രായ പരിധിയിൽ നിയമപരമായ ഇളവ് അനുവദിക്കുന്നതാണ്

**ശാരീരിക യോഗ്യതകൾ :**

**പുരുഷന്മാർ : കുറഞ്ഞത് 167 സെന്റീമീറ്റർ.** പട്ടിക ജാതി / പട്ടിക വർഗത്തിൽ പെട്ട ഉദ്യോഗാർത്ഥികൾക്ക് കുറഞ്ഞത് 160 സെന്റീമീറ്റർ

**വനിതകൾ :** ഉയരം : കുറഞ്ഞത് 152 സെന്റീമീറ്റർ. പട്ടിക ജാതി / പട്ടിക വർഗത്തിൽ പെട്ട ഉദ്യോഗാർത്ഥികൾക്ക് കുറഞ്ഞത് 150 സെന്റീമീറ്റർ

താഴെ പറയുന്ന തരത്തിൽ കണ്ണട വയ്ക്കാതെയുള്ള കാഴ്ചശക്തി ഉള്ളതായി സാക്ഷ്യപ്പെടുത്തിയിർക്കണം

| | | |
|---|---|---|
| കാഴ്ച | വലതു കണ്ണിന് | ഇടതു കണ്ണിന് |
| എ) ദൂര കാഴ്ച | 6/6 സ്നലെലൻ | 6/6 സ്നലെലൻ |
| ബി) സമീപ കാഴ്ച | 0.5 സ്നലെലൻ | 0.5 സ്നലെലൻ |

**ശ്രദ്ധിക്കാൻ :**

1)ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം.

2)കളർ ബ്ലൈൻഡ്നെസ്സ്, സ്ക്വിൻറെ അല്ലങ്കിൽ കണ്ണിൻറെയോ കൺപോളകളുടെയോ മോർബിഡ് ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കും.

3) മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ , വൈകല്യമുള്ള കൈകാലുകൾ, കൊമ്പല്ല് (മുൻപല്ല്) ഉന്തിയ പല്ലുകൾ, കേൾവിയിലും സംസാരത്തിലും ഉള്ള കുറവുകൾ എന്നിങ്ങനെ ഉള്ള പ്രത്യേക ശാരീരിക ന്യൂനതകൾ അയോഗ്യതയായി കണക്കാക്കും.

താഴെപറയുന്ന നാഷണൽ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിലെ സ്റ്റാർ നിലവാരത്തിലുള്ള എട്ട് ഇനങ്ങളിൽ ഏതെങ്കിലും അഞ്ച് എണ്ണത്തിൽ എങ്കിലും യോഗ്യത നേടിയിരിക്കണം

പുരുഷന്മാർ:

| നമ്പർ | ഇനം | വൺസ്റ്റാർ നിലവാരം |
|---|---|---|
| 1 | 100 മീറ്റർ ഓട്ടം | 14 സെക്കൻഡ് |
| 2 | ഹൈ ജമ്പ് | 132.20 സെ.മീ (4’.6”) |
| 3 | ലോങ്ങ് ജമ്പ് | 457.20 സെ.മീ (15”) |
| 4 | പുട്ടിംഗ് ദി ഷോട്ട് 7264 ഗ്രാം | 609.60 സെ.മീ (20’) |
| 5 | ക്രിക്കറ്റ് ബാൾ ത്രോ | 6096 സെ.മീ ( 200’) |
| 6 | റോപ് ക്ലൈംബിംഗ് | 365.80 സെ.മീ (12’) |
| 7 | പുള്ളപ്പ് / ചിന്നിംഗ് | 8 തവണ |
| 8 | 1500 മീറ്റർ ഓട്ടം | 5 മിനിറ്റ് 44 സെക്കൻഡ് |

വനിതകൾ:

| നമ്പർ | ഇനം | വൺസ്റ്റാർ നിലവാരം |
|---|---|---|
| 1 | 100 മീറ്റർ ഓട്ടം | 17 സെക്കൻഡ് |
| 2 | ഹൈ ജമ്പ് | 106 സെ.മീ |
| 3 | ലോങ്ങ് ജമ്പ് | 305 സെ.മീ |
| | | |

| | | |
|---|---|---|
| 4 | പുട്ടിംഗ് ദി ഷോട്ട് (4 കി.ഗ്രാം) | 488 സെ.മീ |
| 5 | 200 മീറ്റർ ഓട്ടം | 36 സെക്കൻഡ് |
| 6 | ബാൾ ത്രോ | 1400 സെ.മീ |
| 7 | ഷട്ടിൽ റേസ് (25X4 മീറ്റർ ) | 26 സെക്കൻഡ് |
| 8 | സ്കിപ്പിംഗ് (ഒരു മിനിറ്റ്) | 80 തവണ |

തിരഞ്ഞെടുക്കുന്ന ഉദ്യോഗാർത്ഥികളെ കേരളാ പോലീസിന്റെ സായുധസേനാ ബറ്റാലിയനുകളിൽ ഹവിൽദാർ തസ്തികയിൽ നിയമിക്കുന്നതാണ്.

അപേക്ഷ ഫോറം കേരളാ പോലീസിന്റെ ഔദ്യോഗിക വെബ്സൈറ്റായ WWW.kerlapolice.gov.in-ൽ ലഭ്യമാണ്.

പൂരിപ്പിച്ച അപേക്ഷ ഫോറം ,പ്രായം ,വിദ്യാഭ്യാസയോഗ്യത,കായിക മേഖലയിലെ പ്രകടനം എന്നിവ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ സഹിതം **സംസ്ഥാന പോലീസ് മേധാവി ,കേരളാ പോലീസ് ആസ്ഥാനം,തിരുവനന്തപുരം** എന്ന വിലാസത്തിൽ നേരിട്ടോ,തപാൽ മാർഗ്ഗത്തിലോ സമർപ്പിക്കേണ്ടതാണ്.

അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി **19.12.2015 .**

അപേക്ഷ ഉള്ളടക്കം ചെയ്ത കവറിനു പുറത്ത് **"സ്പോർട്സ് ക്വാട്ടയില് നിയമനത്തിനുള്ള അപേക്ഷ "** എന്ന് എഴുതിയിരിക്കണം.



ടി പി സെൻകുമാർ ഐ പി എസ്
സംസ്ഥാന പോലീസ് മേധാവി
പോലീസ് ഹെഡ്ക്വാട്ടേർസ്, തിരുവനന്തപുരം

സ്വീകർത്താവ് : ____________